## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*129 — 04.12.2015 ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ വിലത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ സാജു പോൾ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബറിന്റെ വിലത്തകർച്ചയെ തുടർന്ന് പ്രഖ്യാപിച്ച റബ്ബർ സംഭരണ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ; | (എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനെതുടർന്ന് റബ്ബർ വില പ്രതീക്ഷക്കൊത്ത് ഉയർന്നിട്ടുണ്ടോ ; | (ബി) ടി പദ്ധതികളുടെ നടത്തിപ്പ് പുരോഗമിക്കുന്നതിനനുസരിച്ച് റബ്ബറിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു |
| (സി) പദ്ധതികൾ നടപ്പാക്കുന്നതിനായി പ്രഖ്യാപിച്ച തുകയുടെയും നാളിതുവരെ ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ നൽകുമോ ? | (സി) 31.03.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.84/2014/കൃഷി, പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്ന പദ്ധതിയിൽ സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവിനായി 4 കോടി രൂപ അനുവദിച്ച് കൃഷി വകുപ്പിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് നല്കിയിട്ടുണ്ട്. 16.08.2014 ലെ സ.ഉ(എം.എസ്) നം.176/2014/കൃഷി, പ്രകാരം റബ്ബർ സംഭരണത്തിനായി 5 കോടി രൂപ വീതവും 11.03.2015 ലെ സ.ഉ (എം എസ്) 41/2015/കൃഷി പ്രകാരം റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി 1 കോടി രൂപ വീതവും സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും റബ്ബർ മാർക്കിനും നൽകിയിട്ടുണ്ട്. |

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 ലെ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 28.11.2015 വരെ 1,35,274 സെയിൽസ് ബില്ലുകളിലായി 33.35 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമാണ്. വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സർക്കാർ ഉത്തരവ്. (എം.എസ്) നം.56/2014/കൃഷി, തീയതി 25.02.2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാം ഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6/- രൂപ (കൈകാര്യച്ചെലവ് + വില വ്യത്യാസം) അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട്, കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും, കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വില സ്ഥിരതയ്ക്ക് വേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14 -ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2/- രൂപ കൂടുതൽ നൽകി RSS-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സ.ഉ. (എം.എസ്) നം.232/2014/കൃഷി തീയതി 13.10.2014 പ്രകാരം RSS -5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽ നിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ(എം.എസ്) നം.254/2014/കൃഷി, തീയതി 06.11.2014 പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്.

സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ച് കൊണ്ട് റബ്ബർ സംഭരണം അടിയന്തിരമായി പുനരാരംഭിക്കുന്നതിനായി സ.ഉ(എം.എസ്) നം.176/2014/കൃഷി, തീയതി 16.08.2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതി' പ്രകാരം അധികമായി അനുവദിച്ചു. ഇതിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും, റബ്ബർമാർക്കിനും അനുവദിച്ച് നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം.304/2014/കൃഷി, തീയതി

15.12.2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6/- രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് + വില വ്യത്യാസം 9/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16 ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ(എം.എസ്)41/15/കൃഷി തീയതി 11.03.2015 പ്രകാരം കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്ക് വേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം ഒരു കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും, റബ്ബർമാർക്കിനും അനുവദിച്ച നൽകിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ 03.07.2015 ലെ സ.ഉ (പി)നം.269/2015/ധന പ്രകാരം 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഇത് ഒരു റബ്ബർ സംഭരണ പദ്ധതിയല്ല. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. സംസ്ഥാനത്തെ ശരാശരി റബ്ബർ ഉത്പ്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷകനും ഒരു വർഷം ഹെക്ടറൊന്നിന് 1800 കിലോഗ്രാമിൽ പരിമിതപ്പെടുത്തിയായിരിക്കും അർഹമായ സാമ്പത്തിക സഹായം നൽകുന്നത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സമ്പത്തിക വർഷത്തിൽ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

അഞ്ച് ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ള റബ്ബർ കർഷകർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. സാമ്പത്തിക സഹായം അപേക്ഷകനൊന്നിന് രണ്ട് ഹെക്ടർ റബ്ബർ കൃഷിക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ RSS IV, RSS V, Latex എന്നീ തരം റബ്ബറുകൾക്കാണ് സബ്സിഡി നൽകിവരുന്നത്. ഭൂനികുതി അടച്ച രസീതോ, റവന്യൂ അധികാരികൾ നൽകുന്ന കൈവശാവകാശ രേഖയുടെയോ അടിസ്ഥാനത്തിൽ കർഷകർക്ക് ഈ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

താഴെപ്പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരമാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

1. GO(P)269/2015/Fin dated 03.07.2015
2. GO(P) 336/2015/Fin dated 07.08.2015
3. GO(P) 340/2015/Fin dated 07.08.2015

4. GO(P) 433/2015/Fin dated 29.09.2015
5. GO(P) 484/2015/Fin dated 28.10.2015

പദ്ധതി നടത്തിപ്പ് ഇപ്പോൾ പ്രാരംഭഘട്ടത്തിലാണ്. പദ്ധതി പുരോഗമിക്കുന്നതനുസരിച്ച് റബ്ബറിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. 28.11.2015 വരെ 3,03,756 റബ്ബർ കർഷകർ ഈ പദ്ധതിയിൻ കീഴിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുവരെ 1,35,274 സെയിൽസ് ബില്ലുകളിലായി 33.35 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ